# കോവിഡ് കാലത്തെ കുടുംബശ്രീ

## പട്ടാമ്പി മുനിസിപ്പാലിറ്റി

## ആമുഖം

കോവിഡ്–19 നെതിരെയുള്ള പ്രതിരോധത്തിൽ കേരളത്തിലെ എല്ലാ കുടുംബശ്രീ പ്രവർത്തകരും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പട്ടാമ്പി മുനിസിപ്പാലിറ്റി സി.ഡി.എസ്. എല്ലാ പ്രവർത്തനങ്ങളിലും മുൻനിരയിൽ തന്നെയാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പി ലാക്കാൻ ഈ സി.ഡി.എസ് ലെ പ്രവർത്തകർ ശ്രദ്ധിക്കുകയും അതിലവർ വിജയിക്കുകയും ചെയ്തിട്ടു ്.

ഇവിടെ നടന്ന പ്രവർത്തനങ്ങൾ ചുവടെ വിശദീകരിക്കുന്നു.

## <u>സഹായ ഹസ്തവായ്പാ പദ്ധതി</u>

കുടുംബശ്രീ അംഗങ്ങൾക്കുള്ള വായ്പാ പദ്ധതി പ്രകാരം 251 അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷ ബാങ്കുകളിലെത്തിച്ചു കൊടുത്തു. ഇതുവരെ 49 പേർക്ക് വായ്പ അനുവദിച്ചു കിട്ടിയിട്ടു ്.



## വയോജനങ്ങൾക്കുള്ള ബോധവൽക്കരണം

വയോജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങളിലേക്ക് എസ്.എം.എസ്. അയക്കുകയും വീടുകളിലേക്ക് വിളിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തു. 60 വയസ്സിനു മുകളിലുള്ള 150 പേരെ ഫോണിൽ ബന്ധപ്പെട്ട് അവരുടെ ക്ഷേമകാര്യങ്ങൾ അന്വേഷിക്കുകയും അവർക്കുവേ  മരുന്നും സമൂഹഅടുക്കളയിൽ നിന്നുള്ള ഭക്ഷണവും സന്നധപ്രവർത്തകർ വഴിയും ആശാവർക്കർമാർ വഴിയും എത്തിച്ചുകൊടുക്കുകയും ചെയ്തു.

# സമൂഹ അടുക്കള

സർക്കാരിന്റെ ആഹ്വാനപ്രകാരം പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ സമൂഹ അടുക്കള മാർച്ച 23, 2020 മുതൽ മെയ് 3, 2020 വരെ പ്രവർത്തിച്ചു. പട്ടാമ്പി സിഡിഎസ് അംഗങ്ങളാണ് അതിൽ മുഴുവൻ സമയവും പ്രവർത്തിച്ചത്. അതിലേക്കുള്ള സാമ്പത്തിക സഹായം പട്ടാമ്പി മുനിസിപ്പാലിറ്റി നൽകി. സമൂഹത്തിലെ പല വ്യക്തികളും സാധനസാമഗ്രികൾ തന്നും സഹകരിച്ചു. 325–350 വരെ ഭക്ഷണം എന്നും എത്തിച്ചുകൊടുത്തിരുന്നു.



## മാസ്ക് നിർമ്മാണം

കോവിഡ് പ്രതിരോധത്തിന് വളരെ അത്യാവശ്യമായ മാസ്കുകൾ നിർമ്മിക്കുന്നതിനു വേ  ി പട്ടാമ്പിയിലെ 5 യൂണിറ്റുകൾ പ്രവർത്തിച്ചു. സഫമർവ, ലക്ഷ്മി, പ്രകൃതി, തവക്കൽ, സൗഭാഗ്യ എന്നീ യൂണിറ്റുകളാണ് മാസ്ക് നിർമ്മാണത്തിനായി മുന്നോട്ടുവന്നത്

## വാട്സ് അപ്പ് ഗ്രൂപ്പ് രൂപീകരണം

ലോക്ഡൗൺ കാലത്ത് കോവിഡ് 19 സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനായി പട്ടാമ്പി സിഡിഎസ് ൽ നിന്നും 1703 അംഗങ്ങളുള്ള 163 അയൽക്കൂട്ട  വാട്സ് അപ്പ് ഗ്രൂപ്പുകൾക്ക് രൂപം നൽകി.

## അടുക്കളത്തോട്ടം

ലോക്ഡൗൺ പോലെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ ഒരു വീട്ടിലെ എല്ലാ കാര്യങ്ങൾക്കും സ്വയം പര്യാപ്തത നേടുന്നതിന്റെ ഭാഗമായി പച്ചക്കറി ഉത്പാദിപ്പിക്കുന്ന കാര്യവും സർക്കാർ നിർദ്ദേശിക്കുകയു  ായി. അതു പ്രകാരം പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ 8 യൂണിറ്റുകൾ അടുക്കളത്തോട്ടം നിർമ്മിച്ച് കൃഷി തുടങ്ങിയിട്ടു  ്.

## ക്വാറന്റൈൻ കേന്ദ്രങ്ങളുടെ ശുചീകരണം

പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന ക്വാറന്റൈൻ കേന്ദ്രങ്ങൾ റിവർ ലോഡ്ജും വെൽകം ടൂറിസ്റ്റ് ഹോമും ആണ്. ഈ സെന്ററുകളിൽ ശുചീകരണത്തിനായി 10 ഹരിത കർമസേനാപ്രവർത്തകരെ നിയോഗിച്ചു.